File No.FWLD-B2/200/2017-FWLD

27694
29/12/17

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - കണ്ണൂർ ജില്ലയിലെ കീഴൂർ ഇരിട്ടി മഹാവിഷ്ണുക്ഷേത്രത്തിലെ ധ്വജ പ്രതിഷ്ഠയ്ക്ക് തേക്കുമരം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം./481/2017/വനം    തീയതി, തിരുവനന്തപുരം, 13/12/2017

പരാമർശം:- 1) 3.06.2007 തീയതിയിലെ ജി.ഒ(എം.എസ്) നം.38/07/വനം.
2) 3.10.2012തീയതിയിലെജി.ഒ(എം.എസ്) നം.104/2012/വനം.
3) 17.01.2013 തീയതിയിലെ ജി.ഒ(എം.എസ്) നം. 06/13/വനം.
4 ) കണ്ണൂർ ജില്ലയിലെ കീഴൂർ ഇരിട്ടി ശ്രീമഹാവിഷ്ണു ക്ഷേത്ര സംരക്ഷണ സമിതി സെക്രട്ടറിയുടെ 22.09.2017-ലെ അപേക്ഷ.
5 ) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്)-ന്റെ 08.11.2017-ലെ പ്രൊ(5)-54360/2017 നമ്പർ കത്ത്.

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ കീഴൂർ ഇരിട്ടി മഹാവിഷ്ണുക്ഷേത്രത്തിന് ധ്വജ പ്രതിഷ്ഠയ്ക്ക് തേക്ക് മരം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ക്ഷേത്രം സെക്രട്ടറി പരാമർശം (4) പ്രകാരം അപേക്ഷിച്ചിരുന്നു.തേക്ക് തോട്ടത്തിലെ ഒരു മരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കണ്ണൂർ അന്വേഷിച്ച് കണ്ടെത്തിയിട്ടുണ്ടെന്നും പ്രസ്തുത മരത്തിന് നെഞ്ചുയരവണ്ണം 176 സെ.മീ.ഉം ഉയരം ഏകദേശം 12 മീറ്ററും ഉണ്ടെന്നും ടി തേക്ക് തോട്ടത്തിൽ ടിംബർ ഓപ്പറേഷൻ ജോലികൾ ഒന്നും ഇല്ല എന്നും, എൻ.ആർ.നായർ വോള്യം ടേബിൾ പ്രകാരം 1.673 ക്യൂമീറ്റർ തടിയും 0.779 ക്യൂമീറ്റർ വിറകും, ലഭ്യമാകുമെന്ന് കണക്കാക്കുന്നതായും, നിലവിലെ സീനിയറേജ് നിരക്ക് പ്രകാരം ടി മരത്തിന് 1,86,458/- രൂപ ലഭിക്കുമെന്നും ചീഫ് ഫോറസ്റ്റ്

കൺസർവേറ്റർ (നോർത്തേൺ സർക്കിൾ) കണ്ണൂർ അറിയിച്ചിട്ടുള്ളതായും, ഒരു പ്രത്യേക കേസായി പരിഗണിച്ച് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കണ്ണൂർ കണ്ടെത്തിയിട്ടുള്ള കൊട്ടിയൂർ റെയിഞ്ചിലെ 1960 നെടുംപൊയിൽ തേക്കുതോട്ടത്തിലെ നിൽപ്പുമരമായ തേക്ക് മരം കീഴൂർ ഇരിട്ടി മഹാവിഷ്ണു ക്ഷേത്രത്തിന് നിലവിലുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകളിൽ പരാമർശിക്കുന്ന പ്രകാരം വിലയും മറ്റ് നിയമാനുസൃത നികുതികളും ഈടാക്കികൊണ്ട് കൊടിമര നിർമ്മാണാവശ്യത്തിലേക്കായി ക്ഷേത്രഭാരവാഹികൾക്ക് അനുവദിക്കാവുന്നതാണെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) പരാമർശം (5) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

2) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ പരാമർശം(5)ലെ ശുപാർശയുടെ അടിസ്ഥാനത്തിലും, പരാമർശം (1) മുതൽ (3) വരെയുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം വിലയും മറ്റ് നിയമാനുസൃത നികുതികളും ഈടാക്കിക്കൊണ്ട്, ഒരു പ്രത്യക കേസ് ആയി പരിഗണിച്ച്, കൊട്ടിയൂർ റെയിഞ്ചിലെ 1960 നെടുംപൊയിൽ തേക്കുതോട്ടത്തിലെ നിൽപ്പുമരമായ തേക്ക് മരം ധ്വജപ്രതിഷ്ഠയ്ക്കായി കണ്ണൂർ ജില്ലയിലെ കീഴൂർ ഇരിട്ടി മഹാവിഷ്ണു ക്ഷേത്രത്തിന് അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്)-ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗിരിജ കുമാരി.ജി**
**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, ഫോറസ്റ്റ് ഹെഡ്ക്വോർട്ടേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം
സെക്രട്ടറി, കീഴൂർ-ഇരിട്ടി മഹാവിഷ്ണു ക്ഷേത്ര സംരക്ഷണ സമിതി, കീഴൂർ, ഇരിട്ടി, കണ്ണൂർ.
വെബ് ആന്റ് ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ